തീയ്യതി : 20-12-2024

റവന്യൂ ഡിവിഷണൽ ഓഫീസ്,
മാനന്തവാടി
മാനന്തവാടി പി. ഒ,പിൻ - 670645
ഫോൺ : 04935 240222,
ഇമെയിൽ : subcollectormndy@gmail.com

## സബ്ബ് കളക്ടർ മാനന്തവാടിയുടെ നടപടിക്രമം

## (ഹാജർ:ശ്രീ.മിസാൽ സാഗർ ഭാരത് , ഐ.എ.എസ്)

വിഷയം: വയനാട് മേപ്പാടി പഞ്ചായത്തിലെ ഉരുൾപൊട്ടൽ ദുരന്തം - ഒന്നാം ഘട്ടത്തിൽ പുനരധിവസിപ്പിക്കപ്പെടേണ്ടവരുടെ കരട് പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

സൂചന: 1) സ.ഉ.(സാധാ) നം.866/2024/DMD തിയതി 26.11.2024

2) ഈ കാര്യാലയത്തിൽ നിന്നും വയനാട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർപേഴ്സൺ & ജില്ലാകളക്ടർക്ക് അയച്ച ഇതേ നമ്പർ കത്ത്

3) വയനാട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ 20.12.2024 തിയതിയിലെ യോഗ തീരുമാനം.

<u>ഉത്തരവ് നമ്പർ **RDOMDY/1947/2024-D** തീയതി: **20.12.2024**</u>

മേപ്പാടി ഗ്രാമ പഞ്ചായത്തിലെ മുണ്ടക്കൈ ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട് ദുരന്ത ബാധിതരെ കണ്ടെത്തി രണ്ട് ഘട്ടങ്ങളിലായി പുനരധിവസിപ്പിക്കുന്നതിന് സൂചന (1) ദുരന്ത നിവാരണ (എ) വകുപ്പിന്റെ സ.ഉ.(സാധാ) നം. 866/2024/DMD തീയതി 26.11.24 പ്രകാരം ഉത്തരവായിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം ഒന്നാം ഘട്ട (Phase 1) പുനരധിവാസത്തിന്റെ പരിധിയിൽ ദുരന്തത്തിൽ വീട് നഷ്ടപ്പെട്ട കുടുംബങ്ങളെയും വാടകയ്ക്ക് താമസിച്ചിരുന്ന ദുരന്ത ബാധിതർ, പാടികളിൽ താമസിച്ചിരുന്ന ദുരന്ത ബാധിതർ എന്നിവർക്ക് മറ്റ് ഏവിടെയും വീട് ഇല്ലായെങ്കിൽ അവരെയും ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുള്ളതാണ്.

ഒന്നാം ഘട്ട പുനരധിവാസ പദ്ധതിയിൽ ഉൾപ്പെട്ട 388 കുടുംബങ്ങളുടെ കരട് ലിസ്റ്റ് മേൽ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ കാര്യാലയത്തിൽ നിന്നും ജില്ലാ ദുരന്ത നിവാരണ അതോറിറ്റി മുൻപാകെ സമർപ്പിച്ചിട്ടുള്ളതും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ 20.12.2024

തീയതിയിലെ യോഗത്തിൽ വിശദമായ ചർച്ചകൾക്ക് ശേഷം കരട് ലിസ്റ്റ് അംഗീകരിക്കുകയും പ്രസിദ്ധീകരിക്കുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുള്ളതാണ്.

ഈ സാഹചര്യത്തിൽ സൂചന (1) സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചതിൻ പ്രകാരം ഒന്നാം ഘട്ട പുനരധിവാസത്തിന് കണ്ടെത്തിയ ഗുണഭോക്തൃ കരട് പട്ടിക ഇതിനാൽ പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

മേൽ പട്ടിക കളക്ടറേറ്റ്, വയനാട്, മാനന്തവാടി ആർ ഡി ഓ ഓഫീസ്, വൈത്തിരി താലൂക്ക് ഓഫീസ്, വെള്ളരിമല വില്ലേജ് ഓഫീസ്, മേപ്പാടി ഗ്രാമ പഞ്ചായത്ത് എന്നിവിടങ്ങളിലും തദ്ദേശ സ്വയം ഭരണ വകുപ്പിന്റെയും ജില്ലാ ഭരണകൂടത്തിന്റെയും വെബ്സൈറ്റുകളിൽ പൊതു ജനങ്ങൾക്ക് പരിശോധനക്കായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ടി പട്ടികയിൻ മേൽ ആക്ഷേപങ്ങളും അപേക്ഷകളും 10.01.2025 (വെള്ളിയാഴ്ച) വൈകുന്നേരം 5 മണി വരെ വൈത്തിരി താലൂക്ക് ഓഫീസ്, മേപ്പാടി ഗ്രാമ പഞ്ചായത്ത് ഓഫീസ്, വെള്ളരിമല വില്ലേജ് ഓഫീസ്, എന്നിവിടങ്ങളിൽ സജ്ജീകരിച്ചിട്ടുള്ള ഹെൽപ് ഡെസ്കുകളിലും സബ്ബ് കളക്ടർ മാനന്തവാടിയുടെ subcollectormndy@gmail.com എന്ന ഇ-മെയിൽ വിലാസത്തിലും സ്വീകരിക്കുന്നതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അപേക്ഷകൾ സ്വീകരിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതും, നിർദ്ദിഷ്ട മാതൃകയിലുള്ള രജിസ്റ്റർ സൂക്ഷിക്കേണ്ടതും, അപേക്ഷ നമ്പർ നൽകി അപേക്ഷ സ്വീകരിക്കേണ്ടതും, കൈപ്പറ്റ് രസീതി നൽകേണ്ടതുമാണ്.

20/12/24

സബ്ബ് കളക്ടർ മാനന്തവാടി

ഉള്ളടക്കം-1.ഒന്നാം ഘട്ടത്തിൽ പുനരധിവസിപ്പിക്കപ്പെടേണ്ടവരുടെ കരട് പട്ടിക
2.നിർദ്ദിഷ്ട മാതൃകയിലുള്ള രജിസ്റ്റർ പകർപ്പ്
3 കൈപ്പറ്റ് രസീതി മാതൃക

പകർപ്പ് : ചെയർപേഴ്സൺ, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി & ജില്ലാ കളക്ടർ, വയനാട്
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, വയനാട്
സെക്രട്ടറി, മേപ്പാടി ഗ്രാമപഞ്ചായത്ത്
തഹസിൽദാർ, വൈത്തിരി
വില്ലേജ് ഓഫീസർ, വെള്ളരിമല
ജില്ലാ ഇൻഫർമേഷൻ ഓഫീസർ, വയനാട്